No. CEE4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്
# KEAM- 2020
## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള രണ്ടാം ഘട്ട മോപ്–അപ്പ് കൗൺസലിംഗ്
## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധം

സംസ്ഥാനത്തെ സ്വാശ്രയ ദന്തൽ കോളേജുകളിലെ 2020–21 അദ്ധ്യയന വർഷത്തെ ബി.ഡി.എസ് കോഴ്സുകളിൽ ഒന്നാം ഘട്ട ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള രണ്ടാം ഘട്ട മോപ് അപ് അലോട്ട്മെന്റ് നടപടികൾ **2020 ഡിസംബർ 31 മുതൽ** ആരംഭിക്കുന്നു. 2020 **ഡിസംബർ 17** മുതൽ **ഡിസംബർ** 20, ഉച്ചയ്ക്ക് 01.00 മണി വരെ വിദ്യാർത്ഥികൾ നൽകിയ ആദ്യഘട്ട ഓൺലൈൻ ഓപ്ഷനുകൾ പരിഗണിച്ചാണ് രണ്ടാം ഘട്ട മോപ് അപ്പ് അലോട്ട്മെന്റ് നടത്തുന്നത്. കോവിഡ്–19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ രണ്ടാം ഘട്ട മോപ് അപ്പ് കൗൺസിലിംഗും ഓൺലൈനായാണ് നടത്തുന്നത്.

**മോപ്–അപ്പ് കൗൺസലിംഗ് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ**

ആദ്യഘട്ട മോപ് അപ് അലോട്ട്മെന്റ് വഴി ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം ലഭിച്ചിട്ടും അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ എല്ലാ ഓപ്ഷനുകളും റദ്ദാകുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് പ്രകാരവും, 28.12.2020 ലെ സ്ട്രേ വാക്കൻസി റൗണ്ടിലൂടെയും എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയവർ, നിലവിൽ സർക്കാർ ദന്തൽ കോളേജിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം നേടിയവർ എന്നിവരെയും രണ്ടാം ഘട്ട മോപ്–അപ്പ് കൗൺസലിംഗിലും പരിഗണിക്കുന്നതല്ല. അതുപോലെ അഖിലേന്ത്യാ കൗൺസലിംഗിലൂടെ പ്രവേശനം നേടിയ വിദ്യാർത്ഥികളെയും രണ്ടാം ഘട്ട ദന്തൽ ഓൺലൈൻ മോപ്–അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല.

സ്വാശ്രയ ഡെന്റൽ കോളേജിൽ അഡ്മിഷൻ ലഭിച്ചവർക്ക് രണ്ടാം ഘട്ട മോപ് അപ് കൗൺസിലിംഗിന് സർക്കാർ ഡെന്റൽ കോളേജുകളിലേക്ക് മാറ്റം അനുവദനീയമാണ്. ഒരു സ്വാശ്രയ കോളേജിലെ എൻ.ആർ.ഐ സീറ്റിൽ നിന്നും അതേ കോളേജിലെയോ മറ്റു സ്വാശ്രയ കോളേജിലെയോ, ഗവൺമെന്റ് /മൈനോറിറ്റി സീറ്റിലേയ്ക്കും മാറ്റം അനുവദനീയമാണ്.

### രണ്ടാം ഘട്ട മോപ് അപ് കൗൺസിലിംഗ് ഷെഡ്യൂൾ

| | |
|---|---|
| **31.12.2020** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നൽകുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **02.01.2021 (വൈകിട്ട് 3.00 മണി)** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **03.01.2021** | മോപ് അപ് അലോട്ട്മെന്റ് |
| **04.01.2021 - 07.01.2021 4.00 മണി വരെ** | കോളേജിൽ പ്രവേശനം നേടുവാനുള്ള തീയതി |

രണ്ടാം ഘട്ട മോപ് അപ് അലോട്ട്മെന്റിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്. രണ്ടാം ഘട്ട മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2020 - Candidate Portal'**എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Confirmation'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **31.12.2020**

മുതൽ **02.01.2021** **വൈകിട്ട് 3.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ കൺഫർമേഷൻ ചെയ്യേണ്ടതാണ്. നിലനിൽക്കുന്ന ഹയർ ഓപ്ഷനുകളിൽ ആവശ്യമെങ്കിൽ പുന:ക്രമീകരണം ചെയ്യാനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യാനുമുള്ള സൗകര്യവും ലഭ്യമാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും പ്രവേശനം നേടിയിരിക്കണം. അല്ലാത്ത പക്ഷം പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4 പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ ചെയ്യാത്തവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

രണ്ടാം മോപ് അപ് കൗൺസിലിംഗിലൂടെ ബി.ഡി.എസ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതായ ഫീസ് ഓൺലൈനായോ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കിയ ശേഷം പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള അസ്സൽ രേഖകളുമായി **07.01.2021** വൈകുന്നേരം **4.00** ന് മുമ്പായി ബന്ധപ്പെട്ട കോളേജിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ട്യൂഷൻഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), മറ്റ് ഫീസുകൾ ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്.

**ഫീസ് സംബന്ധിച്ച വിവരങ്ങൾ**

- ബി.ഡി.എസ് കോഴ്സിന്റെ ഫീസ് സംബന്ധമായ വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് ഒടുക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരാണ്. മോപ് അപ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് (ബാധകമെങ്കിൽ) ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.
- ബി.ഡി.എസ് കോഴ്സിന് പുതുതായി പ്രവേശനം ലഭിക്കുന്ന എസ്.സി. /എസ്.റ്റി. /ഒ.ഇ.സി /രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ഫീസ് അടയ്ക്കേണ്ടതില്ല. <u>എന്നാൽ എൻ.ആർ.ഐ/ മൈനോറിറ്റി സീറ്റിലേയ്ക്ക് അഡ്മിഷൻ നേടുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർ, ഫീസ് ആനുകൂല്യത്തിന് അർഹരായ മറ്റുള്ളവർ ഉൾപ്പെടെ പ്രസ്തുത സീറ്റിലേയ്ക്കുള്ള ഫീസ് അടയ്ക്കേണ്ടതാണ്.</u>
- മുൻ കീം അലോട്ട്മെന്റുകളിലൂടെ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവർ ബി.ഡി.എസ് സീറ്റിലേയ്ക്ക് മാറുന്ന പക്ഷം അധികമായി അടയ്ക്കേണ്ട തുകയുണ്ടെങ്കിൽ അതിന് തുല്യമായ തുക ഒടുക്കിയാൽ മതിയാകും. എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, കോഴ്സുകളിൽ അഡ്മിഷൻ നേടിയിരിക്കുന്നവർ മുൻ കീം അലോട്ട്മെന്റുകളിലൂടെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക ഇതിനായി പരിഗണിക്കുന്നതല്ല.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **07.01.2021 വൈകുന്നേരം 5** മണിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സർക്കാർ ഉത്തരവുകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
31.12.2020